DESPATCHED 01/12/21

11/11/2021



സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
തിരുവനന്തപുരം 695 001
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

ഹർജി നമ്പർ **AP No. 1721(6)/2020** *എസ്.ഐ.സി.*

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

(ഫയൽ നം.14317/*എസ്.ഐ.സി-ജി 5/2020*)

സന്നിഹിതൻ

അഡ്വ.എച്ച്. രാജീവൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

**ശ്രീ. ടി.എൻ. പ്രതാപൻ,**
**തോട്ടുപുറത്ത് 42/905,**
**അഞ്ചുമുറി, തമ്മനം,**
**കൊച്ചി – 682 032.** — **അപ്പീൽ ഹർജിക്കാരൻ**

**Vs.**

**1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &**
**ജൂനിയർ സൂപ്രണ്ട് (ഫിനാൻസ്)**
**കളക്ടറേറ്റ്, എറണാകുളം.**

**2. അപ്പീൽ അധികാരി &**
**ഫിനാൻസ് ഓഫീസർ,**
**കളക്ടറേറ്റ്, എറണാകുളം.** — **എതിർകക്ഷികൾ**

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 04/10/2020 |
| മറുപടി ലഭ്യമാക്കിയ തീയതി | 15/10/2020 |
| ഒന്നാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 04/11/2020 |
| മറുപടി ലഭ്യമാക്കിയ തീയതി | 03/12/2020 |
| രണ്ടാം അപ്പീൽ അപേക്ഷ നൽകിയ തീയതി | |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 11/12/2020 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 05/01/2021 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 20/01/2021 |
| ഹിയറിംഗ് തീയതി & സ്ഥലം | 01/11/2021<br>ഗസ്റ്റ് ഹൗസ്, എറണാകുളം |
| ഹിയറിംഗിലെ സാന്നിധ്യം:<br>ഹർജിക്കാരൻ<br>ഒന്നാം എതിർകക്ഷി | <br>ഹാജരായി<br>ഹാജരായി |

RIGHT TO INFORMATION

## <u>ഉത്തരവ്</u>

അപ്പീൽ ഹർജിക്കാരനായ ശ്രീ. ടി.എൻ. പ്രതാപൻ, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ടിയാൻ വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ട രേഖകൾ പൂർണ്ണമായും ലഭ്യമായില്ലെന്നും ആയ തിന്റെ കാരണം മറുപടിയിൽ വ്യക്തമാക്കിയിട്ടില്ലെന്നും ആയതിനാൽ ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾക്ക് വ്യക്തമായ മറുപടി ലഭ്യമാക്കുന്നതിനുവേണ്ട നടപ ടികൾ സ്വീകരിക്കണമെന്നുമാണ്.

2. ഹർജിക്കാരൻ ഒന്നാം എതിർകക്ഷി മുമ്പാകെ 04.10.2020 ൽ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്,

1) L.R (ഭൂപരിഷ്കരണം) ഡെപ്യൂട്ടി കളക്ടറുടെ വാഹനം എന്നുമുതൽ അനുവദിച്ചോ അന്നുമുതൽ 2019 വരെ km പരിശോധിച്ചതിന്റെ പകർപ്പും

2) ടി വാഹനത്തിന്റെ അനുവദിച്ചതു മുതൽ 2019 വരെയുള്ള ലോഗ് ബുക്ക് പ്രതിമാസം ക്ലോസ് ചെയ്തതിന്റെ പകർപ്പും

3) ADM ന്റെ ഓഫീസ് വാഹനത്തിന്റെ 2016 മുതൽ 2019 വരെ എല്ലാ മാസത്തേയും വാഹനത്തിന്റെ ലോഗ് ബുക്ക് ക്ലോസ് ചെയ്ത തീയതിയുടെ പകർപ്പ് എന്നിങ്ങനെ 6 ഇനങ്ങളിലായുള്ള വിവരങ്ങളാണ്.

3. ഹർജിക്കാരന്റെ 04.10.2020 ലെ വിവരാവകാശ അപേക്ഷയ്ക്ക് ഒന്നാം എ തിർകക്ഷി 15.10.2020 ൽ മറുപടി നൽകിയിട്ടുള്ളതായി കാണുന്നു. ടി മറുപടി തൃപ്തികരമല്ലാത്തതിനാൽ 04.11.2020 ൽ രണ്ടാം എതിർകക്ഷി മുമ്പാകെ അപ്പീൽ സമർപ്പിച്ചതായും ടി അപ്പീൽ 03.12.2020 ൽ തീർപ്പാക്കി ഉത്തരവായിട്ടുള്ളതുമാണ്.

4. രണ്ടാം എതിർകക്ഷി 19.01.2021 തീയതി വച്ച് കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, ഹർജിക്കാരന്റെ വിവരാവകാശ അപേക്ഷയ്ക്ക് ലഭ്യമായ വിവരങ്ങൾ നൽകിയിട്ടുള്ളതാണെന്നും KL-07-BP-9009 (ADM ന്റെ ഓഫീസ് വാഹനം) വാഹനത്തിന്റെ 04.01.2018 മുതൽ 30.09.2019 വരെയുള്ള ലോഗ് ബുക്ക് പരിശോധിച്ചതിൽ, ടി കാലയളവിലെ ലോഗ് ബുക്ക് പ്രതിമാസം ക്ലോസ് ചെയ്തിട്ടില്ലാത്തതാണെന്നും വിവരാവകാശ നിയമം

RIGHT TO INFORMATION

സെക്ഷൻ 2f പ്രകാരം ആവശ്യപ്പെട്ട രേഖകൾ നൽകുമെന്നറിയിച്ചിട്ടുള്ളതാണെന്നും, KL-07-CA-4545 വാഹനത്തിന്റെ 2019 വരെയുള്ള ലോഗ് ബുക്ക് പ്രതി മാസം ക്ലോസ് ചെയ്തതിന്റെ പകർപ്പ് കക്ഷി ആവശ്യപ്പെട്ടിരുന്നതിൽ 30.12.2017 വരെയുള്ള പകർപ്പ് കക്ഷിക്ക് നൽകിയിട്ടുള്ളതാണെന്നും 01.01.2018 മുതൽ 06.12.2018 വരെയുള്ള ലോഗ് ബുക്ക് വാഹനത്തിന്റെ ഡ്രൈവറുടെ പക്കൽ നിന്നും ഔദ്യോഗിക കൃത്യനിർവ്വഹണത്തിനിടെ നഷ്ടപ്പെട്ടിട്ടുള്ളതായി അറിയിച്ചിരുന്നുവെന്നും ആയതിന് ടിയാനോട് വിശദീകരണം ആവശ്യപ്പെടുകയും ടിയാൻ വിശദീകരണം നൽകിയിട്ടുള്ളതാണെന്നും 2019 വരെയുള്ള ലോഗ് ബുക്ക് പകർപ്പ് വേണമെന്ന ചോദ്യത്തിന് 2018 അവസാനം വരെയാണോ അല്ലെങ്കിൽ 2019 കൂടി ഉൾപ്പെടുത്തിയാണോ എന്നത് വ്യക്തമല്ലാത്തതിനാൽ 2019 ലെ ലോഗ് ബുക്ക് ക്ലോസ് ചെയ്തതിന്റെ പകർപ്പ് നൽകിയിട്ടില്ലാത്തതാണെന്നും കൃത്യമായ തീയതി വരെയുള്ള രേഖകൾ ആവശ്യപ്പെടുകയാണെങ്കിൽ ആയത് ലഭ്യമാക്കുന്നതാണെന്ന് ഹർജിക്കാരനെ അറിയിച്ചിട്ടുള്ളതാണെന്നുമാണ്. ടി മറുപടിക്കെതിരെയാണ് ടിയാൻ അപ്പീൽ സമർപ്പിച്ചതെന്നും ടി അപ്പീലിൽ 25.11.2020 ൽ ഒന്നാം അപ്പീൽ അധികാരി വിചാരണ നടത്തിയിട്ടുള്ളതും ടി വിവരങ്ങൾ അപ്പീൽ കക്ഷിയെ ധരിപ്പിച്ചിട്ടുള്ളതാണെന്നും രേഖകൾ പരിശോധിക്കാമെന്ന് അറിയിച്ചിട്ടുള്ളതും ആയത് കക്ഷി അംഗീകരിച്ചിട്ടുള്ളതുമാണെന്നും ടി രേഖകൾ പിന്നീട് കക്ഷിക്ക് അയച്ചു നൽകിയിട്ടുള്ളതുമാണെന്നാണ് റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നത്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരന് വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങൾ മുഴുവനായും ലഭ്യമാക്കിയതായി കാണുന്നില്ല. 01.11.2021 ൽ കമ്മീഷൻ എറണാകുളം ഗസ്റ്റ് ഹൗസിൽ വച്ച് നടത്തിയ ഹിയറിംഗിൽ ഇരുകക്ഷികളും ഹാജരായി മൊഴി നൽകിയിട്ടുള്ളതാണ്. 01.01.2018 മുതൽ 06.12.2018 വരെയുള്ള ലോഗ് ബുക്ക് വാഹനത്തിന്റെ ഡ്രൈവറുടെ പക്കൽ നിന്നും ഔദ്യോഗിക കൃത്യനിർവ്വഹണത്തിനിടെ നഷ്ടപ്പെട്ടിട്ടുള്ളതാണെന്നും ആയതിൽ എൻക്വയറി നടന്നുകൊണ്ടിരിക്കുകയാണെന്നുമാണ് ഹിയറിംഗിൽ പങ്കെടുത്ത ഒന്നാം എതിർകക്ഷി മൊഴി നൽകിയിരിക്കുന്നത്. നഷ്ടപ്പെട്ട ലോഗ് ബുക്കിന്റെ വിവരങ്ങളും ലോഗ് ബുക്ക് നഷ്ടപ്പെട്ടതിന് എടുത്ത നടപടിക്രമങ്ങളുടെ വിശദീകരണവും കൂടാതെ ടിയാൻ ആവശ്യ

പ്പെട്ട വിവരങ്ങൾ വ്യക്തമായും ലഭ്യമാക്കണം എന്നതാണ് ഹർജിക്കാരന്റെ മൊഴി. ആയതിനാൽ ഈ ഉത്തരവ് ലഭിച്ച് 15 ദിവസങ്ങൾക്കകം ഹർജിക്കാരന്റെ വിവരാവകാശ അപേക്ഷയ്ക്ക് വ്യക്തവും വിശദവുമായ മറുപടി അക്കമിട്ട് ലോഗ് ബുക്ക് നഷ്ടപ്പെടാൻ ഉത്തരവാദിയായ ഡ്രൈവറുടെ മേൽ സ്വീകരിച്ചിട്ടുള്ള നട പടിയടക്കം നൽകേണ്ടതും ആ വിവരം കമ്മീഷനിൽ രേഖാമൂലം അറിയിക്കേ ണ്ടതാണെന്നും ഒന്നാം എതിർകക്ഷിയോട് കമ്മീഷൻ നിർദ്ദേശിക്കുന്നു.

6. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി കമ്മീഷൻ ഇന്നേ ദിവസം 2021 നവംബർ മാസം 11-ാം തീയതി തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)
**അഡ്വ. എച്ച്. രാജീവൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**അഡീഷണൽ സെക്രട്ടറി (നിയമം)**

vkm